LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂരിലെ വനം റേഞ്ചുകളിൽ നിന്ന് മുറിച്ച മരങ്ങൾ

127 (433) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വനം റേഞ്ചുകളിൽനിന്നും 24-10-2020-ന് ശേഷം മൊത്തം എത്ര ഈട്ടി/തേക്ക്/എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ വനം റേഞ്ചുകളിലെ പട്ടയഭൂമികളിൽ നിന്നും 24-10-2020-നുശേഷം മുറിച്ച മരങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

തേക്ക് - 743

ഈട്ടി - 11

ചന്ദനം - 1

എബണി - ഇല്ല

(ബി) ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങളുടെ എണ്ണം ലഭ്യമാക്കാമോ; വകുപ്പിന്റെ അനുമതിയില്ലാതെ എത്ര മരങ്ങളാണ് ഈ കാലയളവിൽ മുറിച്ചതെന്ന വിവരം ലഭ്യമാക്കാമോ?

ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങൾ :

തേക്ക് - 555

ഈട്ടി - 11

ചന്ദനം - 0

വനം വകുപ്പിന്റെ അനുമതി ഇല്ലാതെ മുറിച്ച മരങ്ങൾ :

തേക്ക് - 188

ഈട്ടി - 0

ചന്ദനം - 1